ആശ്വാസ് പദ്ധതി

162 (529) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്ന് ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2011 മുതൽ സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിവരുന്നത്.

ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ ചുവടെ പരാമർശിക്കുന്ന തുകകൾ കുടിശ്ശികയിനത്തിൽ ഈടാക്കിയെടുത്തിട്ടുണ്ട്.

2011	-	1007.05 കോടി രൂപ
2012	-	1995.61 കോടി രൂപ
2014	-	3079.53 കോടി രൂപ
2015	-	4030.98 കോടി രൂപ

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിങ്ങനെയായി ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2011	-	45.62 കോടി രൂപ
2012	-	53.48 കോടി രൂപ
2014	-	128.39 കോടി രൂപ
2015	-	140.54 കോടി രൂപ

ഇക്കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായ പുരോഗതി 2014-15 വർഷം ഉണ്ടായിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ആശ്വാസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും യൂണിറ്റ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) വരെ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തി യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് കൂടുതൽ വകുപ്പുതല ഉദ്യോഗസ്ഥന്മാരെ വിന്യസിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാറെ (ക്രെഡിറ്റ്) നിയോഗിച്ചിരുന്നു. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനുവേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി വിവിധ എഫ്.എം. റേഡിയോകൾ, പത്രമാധ്യമങ്ങൾ, പോസ്റ്ററുകൾ എന്നിവ വഴി വകുപ്പ് തലത്തിലും, ഫ്ലക്സ് ബോർഡുകൾ, നോട്ടീസുകൾ, മൈക്ക് പബ്ലിസിറ്റി എന്നിവ വഴി സംഘം/ബാങ്ക് തലത്തിലും പ്രചാരണം നൽകുകയുണ്ടായി.

സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ

163 (530) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി എടുത്ത് കളഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ ;

(ബി) 1960 മുതൽ പ്രസ്തുത സംഘങ്ങൾക്ക് അനുവദിച്ചു വരുന്ന ആനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുന്നതിലേക്കായി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly